പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2525 9.3.2017-ൽ മറുപടിയ്ക്ക്

## മൃഗസംരക്ഷണ വകുപ്പിന്റെ സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | എ) താഴെ പറയുന്ന സേവനങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു.<br>1.കൃത്രിമ ബീജസങ്കലനവും പ്രഥമ ശുശ്രൂഷയും നൽകൽ.<br>2.വകുപ്പുമായി ബന്ധപ്പെട്ട് സേവനങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ നൽകൽ(ഹെൽത്ത്/ഇൻഷുറൻസ് മുതലായവ)<br>3.ചികിത്സാ സേവനം ലഭ്യമാക്കൽ<br>4.സർക്കാർ ഫാമുകൾ (കന്നുകാലി/കോഴി ഫാമുകൾ)സന്ദർശിക്കാനും ഉരുക്കളെയും പക്ഷികളെയും വാങ്ങുന്നതിനുള്ള സേവനം<br>5.പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തൽ<br>6.അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന മൃഗങ്ങൾക്ക് പ്രവേശനാനുമതി നൽകുന്നത്(ചെക്ക് പോസ്റ്റ് മുഖേന)<br>7.മൃഗോല്പന്നങ്ങൾക്കും സമുദ്രോല്പന്നങ്ങൾക്കും കയറ്റുമതിക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകൽ<br>8.മൃഗസംരക്ഷണ മേഖലയിൽ സംരംഭകരെ സൃഷ്ടിക്കാനുതകുന്ന വിവിധ പരിശീലനങ്ങൾ<br>9.സംസ്ഥാന പദ്ധതി നിർവ്വഹണം ഗുണഭോക്തൃ അടിസ്ഥാനത്തിൽ<br>10.പ്രകൃതി ദുരന്തനിവാരണം, നഷ്ടപരിഹാര വിതരണം<br>11.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകരണ ആസൂത്രണം വഴി |

| | | |
|---|---|---|
| | | വ്യക്തിഗത ആനുകൂല്യങ്ങൾ, സ്വയം സഹായ സംഘങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി നടപ്പിലാക്കൽ<br>12.വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികൾ മുഖേന രോഗനിർണ്ണയം(Telapathology)<br>13.ജന്തുജന്യ രോഗങ്ങളുടെ നിർണ്ണയവും നിർമാർജ്ജനവും<br>14.പക്ഷിമൃഗാദികളിൽ കാണപ്പെടുന്ന രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധമരുന്നിന്റെ ഉത്പാദനം, വിതരണം, കുത്തിവെയ്പുകൾ<br>15.പ്രത്യേക രോഗവിമുക്ത മേഖല സൃഷ്ടിക്കൽ<br>16.ABC(Animal Birth Control Programme) നടത്തിപ്പ്. |
| ബി) | മൃഗസംരക്ഷണ വകുപ്പിന്റെ സേവനങ്ങൾ വെറ്ററിനറി പോളിക്ലിനിക്ക്, ഡിസ്പെൻസറികൾ എന്നിവിടങ്ങളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ബി) മേൽ വിവരിച്ച സേവനങ്ങൾ വെറ്ററിനറി പോളിക്ളിനിക്ക് , ഡിസ്പെൻസറികൾ എന്നിവിടങ്ങളിൽ നിലവിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ